**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേരാണ് അപേക്ഷ നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് പറയാമോ; | (എ) | 2019-ൽ ആവിഷ്കരിച്ച നവകിരണം എന്ന സ്വയംസന്നദ്ധ പുനരധിവാസപദ്ധതി പ്രകാരം വനത്തോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുത്ത് അർഹമായ നഷ്ടപരിഹാര തുക നൽകി പുനരധിവസിപ്പിക്കുന്നുണ്ട്. കാസർഗോഡ് ഡിവിഷന് കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പ്രധാനമായും ഓട്ടമല, മഞ്ചുച്ചാൽ, കോട്ടഞ്ചേരി, ബന്തമല, പരിയാരം, മൈക്കയം എന്നീ സെറ്റിൽമെന്റ് ഏരിയകളിൽ നിന്നുമാണ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലേക്കുള്ള അപേക്ഷകൾ ലഭ്യമായിട്ടുള്ളത്.<br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പനത്തടി -226<br>2. ബളാൽ -169<br>3. കിനാനൂർ-കരിന്തളം -17<br>4. കോടോം-ബേളൂർ - 6<br>5. പുല്ലൂർ-പെരിയ - 1 |
| (ബി) | അപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചു എന്നും അതിൽ എത്രപേർക്ക് ഭൂമി ഏറ്റെടുക്കുന്നതിന് പ്രതിഫലം നൽകിയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽപ്പെട്ട ഓട്ടമല & അട്ടൂർ മുച്ചംതുള്ളി സെറ്റിൽമെന്റിലെ 9 അപേക്ഷകളും (11 യൂണിറ്റ്) മൈക്കയം സെറ്റിൽമെന്റിലെ 3 അപേക്ഷകളും നടപടി ക്രമങ്ങൾ പാലിച്ച് മുഴുവൻ തുകയും (210ലക്ഷം) നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | എത്രപേർക്ക് എഗ്രിമെന്റ് വെച്ചിട്ടും ഇനിയും പ്രതിഫലതുക നൽകാനുണ്ടെന്ന് പഞ്ചായത്ത് | (സി) | ബളാൽ പഞ്ചായത്തിൽ ബന്തമല സെറ്റിൽമെന്റിലെ 1, മൈക്കയം സെറ്റിൽമെന്റിലെ 3, മഞ്ചുച്ചാൽ |

| | | | | |
|---|---|---|---|---|
| | തിരിച്ച് പറയാമോ; അവർക്ക് എപ്പോൾ തുക നൽകുമെന്ന് പറയമോ? | | | സെറ്റിൽമെന്റിലെ 16, പനത്തടി പഞ്ചായത്തിലെ ഓട്ടമല (II) സെറ്റിൽമെന്റിലെ 12, എന്നിങ്ങനെ ആകെ 32 അപേക്ഷകൾക്ക് പ്രതിഫലത്തുക നൽകാനുണ്ട്. ടി സെറ്റിൽമെൻറുകൾ കിഫ്ബി ഫേസ് II ൽ ഉൾപ്പെടുത്തുകയും സർക്കാർ ഭരണാനുമതി നല്കിയിട്ടുള്ളതുമാണ് . കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അർഹരായ അപേക്ഷകർക്ക് തുക അനുവദിക്കുവാൻ സാധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ